# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5308** 25/10/2011-ൽ മറുപടിക്ക്

## സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി അനുസരിച്ചുള്ള സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പദ്ധതി അനുസരിച്ചുള്ള സ്കൂളുകൾ ഇല്ലാത്ത പ്രദേശങ്ങൾ സംസ്ഥാനത്ത് ഉണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) | ഉണ്ട് : ഇവയിൽ ഏറിയഭാഗവും വനപ്രദേശങ്ങളിലാണ്. എസ്.എസ്.എ. പദ്ധതി അനുസരിച്ചുള്ള സ്കൂളുകൾ ഇല്ലാത്ത മിക്ക സ്ഥലങ്ങളിലും ബദൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്രകാരം 384 ബദൽ സ്കൂളുകൾ നിലവിലുണ്ട്. |
| ബി) | ഇല്ലെങ്കിൽ പരിശോധനയ്ക്ക് നടപടി സ്വീകരിക്കുമോ; | ബി) | ബാധകമല്ല. |
| സി | വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകൾ ഇല്ലാത്ത പ്രദേശത്ത് സ്കൂളുകൾ സ്ഥാപിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | സി) | സ്കൂളുകൾ ഇല്ലാത്തതും എം.ജി.എൽ.സി.കൾ സ്ഥിതിചെയ്യുന്നതുമായ പ്രദേശങ്ങളിൽ ഘട്ടംഘട്ടമായി സ്കൂളുകൾ ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. 2011-12 ലെ എസ്.എസ്.എ. വാർഷിക പദ്ധതിയിൽ ഇപ്രകാരം 124 ബദൽ വിദ്യാലയങ്ങൾ പ്രൈമറി സ്കൂളുകളായി ഉയർത്താൻ എം.എച്ച്.ആർ.ഡിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ